# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3464 20/06/2019 ൽ മറുപടിയ്ക്ക്

### സംസ്ഥാന സിവിൽ സർവ്വീസിന്റെ കാര്യശേഷി വർധിപ്പിക്കൽ

ചോദ്യം
ശ്രീ.രാജു എബ്രഹാം

ഉത്തരം
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് ആദ്യ ഒരു വർഷത്തിനുള്ളിൽ നൽകുന്ന പരിശീലന പരിപാടികൾ വിശദമാക്കാമോ ; സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയ ശേഷം മാത്രം ചുമതലകൾ ഏൽപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് ആദ്യത്തെ ഒരു വർഷത്തിനുള്ളിൽ പതിനെട്ടു ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് നൽകിവരുന്നു. ഇൻഡക്ഷൻ ട്രെയിനിംഗ് രണ്ടു തരത്തിലാണ് നൽകി വരുന്നത്. പല വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർക്ക് ഒരുമിച്ച് പരിശീലനം നൽകുന്ന ജനറിക് ട്രെയിനിംഗും വകുപ്പുകളുടെ ആവശ്യകത അനുസരിച്ചുള്ള ഡിപ്പാർട്ട്മെന്റ് സ്പെസിഫിക് ട്രെയിനിംഗും നൽകിവരുന്നു. സർവ്വീസ് വിഷയങ്ങൾ, ഓരോ വകുപ്പുകളിലേയും അധികാരക്രമം (ഗവേണൻസ് സ്ട്രക്ചർ) ഭരണനിർവ്വഹണത്തിലെ കാര്യക്ഷമത, ഓരോ വകുപ്പിന്റെയും പൊതുവായ ലക്ഷ്യങ്ങൾ എന്നിവ സംബന്ധിച്ചാണ് പ്രധാനമായും പരിശീലനം നൽകുന്നത്. 13/07/2017 ലെ സ.ഉ(അച്ചടി)നം.9/2017/ ഉഭപവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരിഷ്കരിച്ച സംസ്ഥാന പരിശീലന നയത്തിന്റെ ഖണ്ഡിക 5 ൽ പുതിയതായി സർവ്വീസിൽ എത്തുന്നവർക്ക് നിർബന്ധമായി ഇൻഡക്ഷൻ പരിശീലനം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ ഹാജർ നിരീക്ഷിക്കാൻ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സർക്കാർ ഓഫീസുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സംവിധാനം ഏതൊക്കെ വകുപ്പുകളിലെ ഓഫീസുകളിൽ | (ബി) | സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമായി സെക്രട്ടേറിയറ്റിൽ 01.01.2018 മുതൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ |

| | | | |
|---|---|---|---|
| | നടപ്പാക്കിയിട്ടുണ്ട് എന്ന് വിശദമാക്കാമോ ; | | സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാൻഡ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പഞ്ച് ചെയ്തതിനുശേഷം ഓഫീസ് വിട്ടുപോകുന്ന ജീവനക്കാരെ നിരീക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | സെക്രട്ടേറിയറ്റിൽ പഞ്ച് ചെയ്തതിനുശേഷം ഓഫീസ് വിട്ടുപോകുന്ന ജീവനക്കാരെ നിരീക്ഷിക്കുന്നതിന് സി. സി. റ്റി. വി നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൺട്രോളിംഗ് ഓഫീസർമാർക്ക് കർശനനിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ